# ആധുനികപൂർവ കേരളത്തിലെ സസ്യജ്ഞാനം 'കൃഷിഗീത'യിൽ

**പ്രിയദർശിനി**
ഗവേഷക, മലയാളവിഭാഗം, എസ്.എസ്.യു.എസ്., കാലടി.

ആമുഖം

ഞാറ്റുപാട്ട്, കറ്റപ്പാട്ട്, വിത്തുപൊലിപ്പാട്ട്, പള്ള്പാട്ട്, തോറ്റം പാട്ടുകൾ, കന്നൽ പാട്ടുകൾ തുടങ്ങി കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രചാരത്തിലുള്ളഅനേകം പ്രായോഗിക കൃഷിപാഠങ്ങളിൽ ഒന്നാണ് 'കൃഷിഗീത'. കൊളോണിയൽ അധിനിവേശത്തിനു മുമ്പുള്ള കേരളത്തിലെ കാർഷികജ്ഞാനവും അതിന്റെ പ്രധാനഘടകമായ സസ്യവൈവിധ്യത്തെ സംബന്ധിക്കുന്ന സൂക്ഷ്മമായ അറിവും ആണ് 'കൃഷിഗീത'യുടെ ഉള്ളടക്കം. അധിനിവേശഘട്ടത്തിൽ കോളണികളും കോളണിയനന്തരഘട്ടത്തിൽ മാനസികാടിമത്തവും അറിവിനെ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചുവെന്ന് ഇന്നു നാം മനസിലാക്കുന്നു. ആധുനികപൂർവഘട്ടത്തിലെ സസ്യജ്ഞാനത്തെ നിർണ്ണയിച്ച ഘടകങ്ങളെന്തൊക്കെയെന്നും അതിന്റെ സ്വഭാവമെന്തെന്നും 'കൃഷിഗീത'യിലെ വ്യവഹാരങ്ങൾ സൂചന നല്കുന്നു. തീർച്ചയായും പഴമയിലേക്കു നമുക്ക് നേരിട്ടു പ്രവേശനമില്ല. ആധുനികതയുടേയും ആധുനികാനന്തരതയുടേയും നിലപാടുകളും നോട്ടങ്ങളും തിരിഞ്ഞുനോട്ടത്തിൽ ഉണ്ടാവാനിടയുണ്ട്. എങ്കിലും സസ്യജ്ഞാനം ഏതൊക്കെ വ്യവഹാരങ്ങളായി അടയാളപ്പെട്ടു കിടക്കുന്നു എന്ന പരിശോധന, വലിയൊരളവുവരെ ആധുനികപൂർവ സസ്യജ്ഞാനത്തെക്കുറിച്ചും അവയെ നിർണയിച്ച ജ്ഞാനാധികാരത്തെക്കുറിച്ചും മനസിലാക്കാൻ സഹായിക്കുന്നു.

'കൃഷിഗീത' – പാഠഭേദങ്ങൾ

കേരളത്തിലെ കർഷകരുടെ നാവിൻതുമ്പിലുണ്ടായിരുന്ന കൃഷിച്ചൊല്ലുകൾ അച്ചടി രൂപത്തിലാക്കിയതാണ് 'കൃഷിഗീത'. കൃഷിപ്പാട്ട് എന്ന പേരിലും ചില അച്ചടിപ്പാഠങ്ങൾ ഉണ്ട്. ഏകദേശം ആയിരത്തി എഴുന്നൂറോളം വരികളാണ് ഇതിലുള്ളത്. പരശുരാമൻ കൃഷിസമ്പ്രദായം വിവരിച്ചു കൊടുക്കുന്ന മട്ടിലുള്ള 'കേരള കല്പം' പോലുള്ള സംസ്കൃത ഗ്രന്ഥങ്ങൾ ഉപയോഗത്തിലുണ്ടെന്നും കൃഷിക്കാർ ശൂദ്രന്മാരായതിനാൽ അവർക്ക് സംസ്കൃത ജ്ഞാനമില്ലാത്തതിനാലും പരശുരാമൻ ബ്രാഹ്മണർക്ക് നല്കിയ ഉപദേശങ്ങളെ നാലുപാദങ്ങളുള്ള ഒരു ഗ്രന്ഥമാക്കി ഒരു നമ്പൂതിരി ചമച്ചതാണ് കൃഷിപ്പാട്ടെന്നുമാണ് ഭാഷാചരിത്രത്തിൽ ഗോവിന്ദപ്പിള്ള അഭിപ്രായപ്പെടുന്നത്. "പരശുരാമൻ, കേരളത്തിലെ തന്റെ ജനതക്കുവേണ്ടി സമാഹരിച്ചു എന്നു കരുതപ്പെടുന്ന 'കേരളകല്പം' എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയുടെ കൈയെഴുത്തുപ്രതി മലബാറിൽ കൃഷിയെ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ ഇപ്പോഴും മുന്നിട്ടുനില്ക്കുന്ന ഒന്നാണ്" എന്ന് കേരളകല്പം എന്ന ലേഖനത്തിൽ കെ.പി പത്മനാഭമേനോനും പറയുന്നുണ്ട് (1999: 90). എന്നാൽ അദ്ദേഹംതന്നെ കൊച്ചിരാജ്യചരിത്രത്തിൽ 'കൃഷിഗീത'യ്ക്ക് പാഠഭേദങ്ങളുള്ളതായി രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ കൈവശമുള്ള പാഠഭേദത്തിൽ മുളകുകൃഷിയെപ്പറ്റി പറയുമ്പോൾ 'ചീനിമുളകെന്നും' 'പറങ്കിമുളകെ'ന്നും പറഞ്ഞു കാണുന്നതുകൊണ്ട് ഈ 'ഗീത' പോർട്ടുഗീസുകാർ മലയാളത്തിൽ വന്നതിനു ശേഷം ഉണ്ടായതാണെന്ന് കരുതുന്നുണ്ട് (1996: 270) ഡോ. എം. ഗംഗാധരന്റെ കൈവശമുള്ള പാഠഭേദത്തിൽ,

തിരുവാതിര ഞാറ്റുവേല തന്നിൽ
ഒരുമ്പെട്ടു നടേണം മുളകുകൾ,

എന്ന് കുരുമുളകുകൃഷിയെ സംബന്ധിച്ചു മാത്രമേ സൂചിപ്പിക്കുന്നുള്ളൂ (1999: 77) . ഈ പാഠഭേദത്തിൽ നിന്നും വ്യത്യസ്തമായ പാഠമാണ് മദ്രാസ് ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലുള്ളതെന്ന് ഇ.ഉണ്ണികൃഷ്ണൻ രേഖപ്പെടുത്തുന്നു (1999: 85). ചുരുക്കത്തിൽ നിരവധി ചൊൽവഴക്കങ്ങൾ 'കൃഷിഗീത'യ്ക്കുണ്ടെന്ന് മനസിലാക്കാം. ഇത് വാമൊഴിയായി നിലനില്ക്കുന്ന ഏതൊരറിവിന്റെയും സവിശേഷതയാണ്. ഗ്രന്ഥപാഠത്തിനുമുമ്പുള്ള 'കൃഷിഗീത'യുടെ ഫോക്‌ലോർ ജീവിതമാണ് ഇവിടെ തെളിയുന്നത്.

'കൃഷിഗീത'യ്ക്ക് നാലു പാദങ്ങളാണുള്ളത്. ആദ്യ മൂന്നു പാദങ്ങൾ പാനവൃത്തത്തിലും അവസാന പാദം തുള്ളൽ വൃത്തത്തിലുമാണ്. ഒന്നാം പാദത്തിൽ ദേശങ്ങളും പരദേശങ്ങളുമായ നെല്ല്, ഫലമൂലവർഗങ്ങൾ

തുടങ്ങിയ സസ്യങ്ങളെയും വിത്തുകളെയും പരിചയപ്പെടുത്തുന്നു. കേരളത്തിൽതന്നെ വിവിധപ്രദേശങ്ങളിൽ നിലവിലുള്ള വിളകളെക്കുറിച്ചും സൂക്ഷ്മമായി വിവരിക്കുന്നു. അവയുടെ ഗുണം, സ്വഭാവം, കൃഷി ചെയ്യുന്ന രീതി, കൃഷിസ്ഥലത്തിന്റെ സവിശേഷത തുടങ്ങിയവയൊക്കെ സൂചിപ്പിച്ചുകൊണ്ടാണ് വിശദീകരണം.

ഉദാ: കോഴിവാളയാം വിത്തു വിതച്ചാലു-
മാഴിയൊരു വയലിൽ വഴിപോലെ
പുഞ്ചവിത്തു ജലമറാത്തുഴിയിൽ
അഞ്ചാതെ മൂന്നുവട്ടം വിതച്ചിടാം
കുട്ടനാടൻ വിതച്ചാലൊരിടത്തു-
മെട്ടുമാസത്തിൻ മുമ്പു കതിർ വരാ.

(കോഴിവാളനെന്ന വിത്ത് വിതയ്ക്കേണ്ട വയലിന്റെ സ്വഭാവം, പുഞ്ചവെള്ളം വറ്റിച്ചു ചെയ്യുന്ന കൃഷിയിൽ വിതനടത്തുന്ന എണ്ണം, കുട്ടനാടൻ എന്ന വിത്തുവിതച്ചാൽ വിളവെടുപ്പിനുവേണ്ട കാലം എന്നിങ്ങനെ എത്രയെത്ര വിവരങ്ങൾ ഇതിൽ കാണാം). കൃഷി ചെയ്യേണ്ട പ്രകാരങ്ങളെക്കുറിച്ചും കർഷകനുവേണ്ട ഗുണങ്ങൾ, പണിയായുധങ്ങൾ, കാലിത്തൊഴുത്തിന്റെ നിർമിതി മുതലായവയെക്കുറിച്ചും രണ്ടാംപാദത്തിൽ പറയുന്നു. മൂന്നാംപാദത്തിൽ, ഏതൊക്കെ നാളിലാണ് വിത്തുകൾ വിതയ്ക്കേണ്ടതെന്നും അവ കൃഷിചെയ്യേണ്ടരീതി, അനുയോജ്യമായ മണ്ണ്, കൃഷിശത്രുക്കളായ കളകൾ തുടങ്ങിയവയെക്കുറിച്ചുമാണ് വിശദീകരിക്കുന്നത്. പുനംകൃഷിയുടെ സവിശേഷത, വിത്തിന്റെ ഉണക്കും അളവും, ഞാറിന്റെ വളർച്ച, കൊയ്ത്തിന്റെ പാകം എന്നിവയും ഈ പാദത്തിലുണ്ട്. നാലാം പാദത്തിൽ ജ്യോതിഷത്തെ കൃഷിയുമായി ബന്ധിപ്പിക്കുന്ന ഒരു ഭാഗവും കന്നുകാലികളെ പരിപാലിക്കേണ്ടതെങ്ങനെയെന്നുമാണ് ഉള്ളത്.

### കൃഷിപ്പാട്ടും 'കൃഷിഗീത'യും

നിരവധി പാഠഭേദങ്ങളോടെ നിലനിന്നിരുന്ന കൃഷിപ്പാട്ടുകൾ അച്ചടി പാഠത്തിലേക്ക് കടന്നുവന്നപ്പോഴും അവയ്ക്ക് പാഠഭേദങ്ങളുണ്ടായിരുന്നു. എങ്കിലും, അവയെല്ലാംതന്നെ പരശുരാമലബ്ധം എന്ന ഒരു ഉല്പത്തികഥയെ തുടക്കത്തിൽ ചേർത്തുകൊണ്ടാണ് ആ വിജ്ഞാനം അവതരിപ്പിച്ചത്. തികച്ചും പ്രായോഗികമായ ഒരു വിജ്ഞാനത്തെ ഐതിഹ്യകഥയുടെ മേമ്പൊടിചേർത്ത് അട്ടിമറിക്കുകയാണ് ഈ സമീപനം. വൈജ്ഞാനിക സമ്പത്തിനുമേൽ അധികാരം നിലനിർത്താനുള്ള ഈ വ്യഗ്രത എഴുത്തച്ഛന്റെ പിതൃത്വം കണ്ടുപിടിക്കുന്നതടക്കമുള്ളവയിൽ നാം കാണുന്നുണ്ട്. 'കൃഷിഗീത'യുടെ പ്രായോഗിക പാഠങ്ങൾ അതിവിടെ

പ്രയോഗത്തിൽ വരുത്തുന്ന കീഴാളരുടേതാണ്. എന്നാൽ അച്ചടിപാഠം ലക്ഷ്യമാക്കിയത് സമൂഹത്തിലെ മേലധികാരം ഉറപ്പിക്കലിലാണ്. വംശീയമായി വാമൊഴിയിലൂടെ തലമുറകളിലേയ്ക്കുപകർന്ന കാർഷികസസ്യജ്ഞാനം ഗ്രന്ഥത്തിലെത്തിച്ചത് എന്തായാലും കർഷകരെ ലക്ഷ്യം വച്ചല്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ സാക്ഷരരായിരുന്നവരുടെ എണ്ണം എത്ര തുച്ഛമായിരുന്നുവെന്ന് 'നായർമേധാവിത്വത്തിന്റെ പതനം' എന്ന പുസ്തകത്തിൽ റോബിൻ ജെഫ്രി പറഞ്ഞു വയ്ക്കുന്നുണ്ട്. അച്ചടിപ്പാഠം വായിച്ച് മനസ്സിലാക്കാൻ കഴിവുള്ള ആധുനികമായ ഒരു സമൂഹത്തിലേക്ക് ചില വിനിമയങ്ങൾ എത്തിക്കുകയായിരുന്നു ഉദ്ദേശ്യം.

'മലയാളിയുടെ ദേശകാലങ്ങൾ' എന്ന പുസ്തകത്തിൽ അറിവും പണിയും തമ്മിലുള്ള വ്യത്യാസം കെ.എൻ. ഗണേശ് വിശദീകരിക്കുന്നത് ശ്രദ്ധേയമാണ്. ഒരാൾ ചെയ്യുന്ന പണിയുടെ ഭാഗമായ, അയാളുടെ ജീവിതത്തിന്റെ ഭാഗമായ, അറിവിനെ പ്രത്യക്ഷമായ അറിവ് അഥവാ നേരറിവ് എന്നു പറയുന്നു. മറ്റുള്ളവരിൽനിന്നു ലഭിക്കുന്ന അറിവാണ് വാർത്ത. അത് അധ്വാനത്തിന്റെ ഉല്പന്നമല്ല. ഈ വാർത്തകൾ പ്രായോഗികമായി വരുമ്പോൾ അവയും നേരറിവാകുന്നു (2016: 163: 64 ). ഇത്തരത്തിൽ നിരവധി കൃഷിമൊഴികളിൽനിന്ന് 'കൃഷിഗീത'യായി അച്ചടിക്കപ്പെട്ടപ്പോൾ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട നേരറിവുകൾ വെറും വാർത്തയായി മാറിത്തീരുന്നു. നാട്ടിലെ കൃഷിരീതികൾ വിവരിക്കുന്ന നിരവധി പാഠങ്ങൾ ഉള്ളപ്പോൾതന്നെ, സാമാന്യവത്കരണത്തിന്റെ ഫലമായി 'കൃഷിഗീത' പുറത്തു വരുമ്പോൾ പണിയുടെ നേരറിവ് മഹത്തരമായ എഴുത്തറിവായി മാറുന്നത് ഗണേശ് സൂചിപ്പിച്ചു പോകുന്നു. പണിയിൽനിന്ന് ഉരുത്തിരിയുന്ന സമഷ്ടിയുടെ പ്രായോഗികപാഠത്തിൽ നിന്ന് വൈയക്തികതയുടെ എഴുത്തറിവിലേക്കുള്ള ദൂരം പാട്ടിന്റെ ചൊൽവഴക്കത്തിന് ഗീതയുടെ ഉപദേശഭാവം നല്കുന്നു.

### 'കൃഷിഗീത'യിലെ മിത്തുകൾ

'കൃഷിഗീത'യിൽ പ്രധാനമായും രണ്ട് ഐതിഹ്യകഥകളാണുള്ളത്. ഒന്നാമത്തേത് തുടക്കത്തിൽ തന്നെയുള്ള പരശുരാമകഥ. ചേര-ചോള രാജാക്കന്മാർ മഴയ്ക്കായി ശിവനെ തപസ്സുചെയ്യുന്നതാണ് രണ്ടാമത്തേത്. ഈ മിത്തുകൾക്ക് 'കൃഷിഗീത'യുടെ പാഠത്തിനുള്ളിൽ ചില കർതൃത്വങ്ങളുണ്ട് . കേരളത്തിലെ നല്ല മഴയും കാലാവസ്ഥയും ക്ഷത്രിയർ ശിവനിൽനിന്നു നേടിയെടുത്തതും കേരളംതന്നെ പരശുരാമന്റെ

വരദാനവുമാണെന്നു വരുന്നു. കാർഷികജ്ഞാനത്തിനുമേൽ വരേണ്യമായ പിടിമുറുക്കുന്നതിൽ പ്രധാനപങ്ക് ഈ രണ്ടു മിത്തുകൾ വഹിക്കുന്നുണ്ട്. എന്നാൽ സൂക്ഷ്മവായനയിൽ മറ്റുചില മിത്തുകളെക്കൂടി പാഠത്തിൽനിന്നും കണ്ടെടുക്കാം. മൂന്നാം പാദത്തിൽ പള്ളൻ ശിവനോടും ഇന്ദ്രനോടും വിത്തുകൾ വാങ്ങി പോരുന്ന സന്ദർഭം സൂചിപ്പിക്കുന്നുണ്ട്.

പണ്ടു പള്ളൻ മഹേന്ദ്രനെ സേവിച്ചു
കൊണ്ടു വിത്തൊക്കെപ്പോരുന്ന കാലത്ത്
പള്ളനോടൊരു സത്യം പറഞ്ഞിതു
കള്ളനായൊരു ചാമവിത്തക്കാലം...എന്നിങ്ങനെ 'വെള്ളമുള്ളൊരു ദിക്കിൽ താൻ വരുന്നില്ലെ'ന്നും അതിനു കാരണമായി 'നുണപറയുന്ന ചാമവിത്തി'ന്റെ കള്ളത്തരവും മോടൻ വിത്തിനോടും പൊന്നാരിയനോടുമൊപ്പം പുല്ലും എള്ളിനൊപ്പം തകരയും കൂട്ടുപോന്നതിന്റെ കാരണവും പറയുന്ന ഈ മിത്തുകൾ മറ്റരണ്ട് ഐതിഹ്യങ്ങളുടേതുപോലെ ഗഹനമല്ല. 'പിരിച്ചിട്ടാലും നോം തമ്മിലെന്നാളും പിരിയാതിരിക്കണമെന്നതും' എന്നിങ്ങനെ പുല്ല് പ്രാർത്ഥിച്ചത്, വിളയോടൊപ്പം കള കാണുന്നതിനു കാരണമായി പറയുന്നു. ഇതിനെ സംബന്ധിച്ച് മദ്രാസ് ഗവ. ഓറിയന്റൽ കൈയ്യെഴുത്ത് ഗ്രന്ഥശാലയിലെ 'കൃഷിഗീത'യുടെ പാഠഭേദങ്ങൾ എഡിറ്റുചെയ്ത സി. ഗോവിന്ദവാര്യർ നടത്തുന്ന നിരീക്ഷണം 'മോടൻ വിത്തിന്റെ കൂട്ടത്തിൽ പുല്ലുപെട്ടുവാനുണ്ടായ കാരണം രസകരമാണ്'[1] [1]എന്നാണ്. മറ്റു രണ്ട് ഐതിഹ്യങ്ങളിൽനിന്നും ഭിന്നമായി ഈ രണ്ട് ഐതിഹ്യങ്ങൾക്കു നല്കിയിരിക്കുന്ന ലാഘവത്വം തള്ളിക്കളയാവതല്ല. മലനാട്ടിലെ കർഷകരുടെ പ്രായോഗികജ്ഞാനത്തെ ആദേശം ചെയ്തെടുക്കുമ്പോൾ അവരുടെ മിത്തുകൾക്കു നല്കുന്ന പദവി ശ്രദ്ധേയമാണ്. പുലയരുടെ വിത്തുപാട്ടിൽ ദേവലോകത്തുനിന്നും വിത്തുകൾ കൊണ്ടുവരുന്നത് അന്നം ചെറുകിളിയെന്ന പുലയസ്ത്രീയാണ്.

'അന്നം ചെറുകിളി പെണ്ണിനങ്ങാകുന്നു
വയലടിയാത്തിയെന്നു പേരുവിളിച്ചവർ
ആദിയിലങ്ങുണ്ടായ വയലടിയാത്തിയും
ആദിയിലങ്ങുണ്ടായ വയലപ്പൻ പുലയനും'
–(പുലയരുടെ വിത്തുപാട്ട് 2010:61)

ഈ പുരാവൃത്തത്തിൽ മേൽലോകത്തുനിന്ന് ഭൂമിയിൽ വിതയ്ക്കേണ്ട വിത്തുമായി വരുന്ന അന്നം ചെറുകിളിയെന്ന പുലയസ്ത്രീയുടെ ഉല്പത്തി വിശേഷം ചേർത്തിരിക്കുന്നത് അധഃകൃതത്വത്തിനെതിരെയുള്ള

1. ഗോവിന്ദവാര്യർ.സി – 'കൃഷിഗീത' ചൊല്ലും വായനയും 1999:33)

പ്രതിരോധമായാണ്. ഒരു സമൂഹത്തിന്റെ ആജീവന വ്യവസ്ഥയുടെ അടിസ്ഥാനമായി പുലയരെ കരുതുന്ന ഈ പാട്ടിൽനിന്നും ഏറെയകലെയാണ് 'കൃഷിഗീത'യിലുള്ള പള്ളൻ വിത്തുമായി വരുന്ന ദൃശ്യം.

'കൃഷിഗീത'യുടെ ആഖ്യാനരൂപത്തിനുള്ളിലിരുന്ന് ജനകീയപാഠങ്ങൾ കലഹിക്കുന്നതിന്റെ തെളിവാണ് സസ്യവൈവിധ്യത്തെപ്പറ്റിയുള്ള തിരിച്ചറിവായും കീഴാളരെ സംബന്ധിക്കുന്ന മിത്തുകളായും പ്രത്യക്ഷപ്പെടുന്നത്. മലനാട്ടിൽ വളരെക്കാലം മുമ്പുതന്നെ പ്രചാരത്തിലിരിക്കുന്ന വിത്തുകളെക്കുറിച്ചും അവയുടെ കൃഷിരീതിയെക്കുറിച്ചും പരശുരാമൻ വീണ്ടും പറഞ്ഞുകൊടുക്കുന്നതിലെ ഔചിത്യക്കുറവും മറ്റൊരു വൈരുധ്യമാണ്. "ഇതിന്റെ രചന, ആഖ്യാനരൂപംകൊണ്ട് കേരളോല്പത്തിയുടെ ഘടനയെ അനുസരിക്കുന്നു. ഇതിഹാസ പുരാണാദികളിലെ നീതിമത്കരണക്ഷമതയാർന്ന ഘടനാരൂപമാണിത്. ഇതുൾക്കൊള്ളുന്ന ജ്ഞാനം വാർത്തുവെയ്ക്കാൻ ഉപയോഗിച്ചിരിക്കുന്നത് വാങ്മയപാരമ്പര്യത്തിന്റെ മൂശയാണെന്നു ചുരുക്കം" എന്ന് രാഘവവാരിയരും രാജൻ ഗുരുക്കളും അഭിപ്രായപ്പെടുന്നു. (2013:431). ചുരുക്കത്തിൽ സസ്യവൈവിദ്ധ്യവും 'കൃഷിഗീത'യിൽ ഉള്ളടക്കിയിരിക്കുന്ന ചില ഐതിഹ്യകഥകളും ഈ ജ്ഞാനസമ്പത്ത് ആരുടേതാണെന്ന് നമ്മോട് പറയാതെപറയുന്നു. ഇവിടെ എടുത്തുപറയേണ്ട മറ്റൊരു പ്രാധാനസംഗതി പാശ്ചാത്യാധിനിവേശത്തിലെന്നപോലെ വിജ്ഞാനത്തിനെ തരംതിരിക്കലോ രൂപംമാറ്റി സ്വന്തമാക്കലോ തമസ്കരണമോ ഇകഴ്ത്തലോ ഒന്നും ഇവിടെ നടക്കുന്നില്ല എന്നതാണ് മറിച്ച് സാമാന്യവത്കരിക്കുയും സ്വാംശീകരിക്കുകയുമാണ് ആര്യാധിനിവേശം ചെയ്തത്.

## 'കൃഷിഗീത'യിലെ സസ്യവൈവിധ്യം

കേരളത്തിലെ ജൈവവൈവിധ്യത്തിന്റെ സാക്ഷ്യപത്രങ്ങളാണ് കാർഷികസംബന്ധിയായ പാട്ടുകളൊക്കെയും. ദൈനംദിനജീവിതത്തിൽ ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കുമായി മലയാളി പരിചരിച്ചിരുന്ന സസ്യങ്ങളുടെ വിപുലമായ വിവരശേഖരങ്ങളാണിവ. പ്രാദേശിക സംസ്കാരത്തിനും പ്രകൃതിക്കും ഇണങ്ങുന്ന ഓരോയിനം സസ്യങ്ങളെപ്പറ്റിയും നെല്ലുപോലുള്ളവയുടെ നൂറിലധികം വകഭേദങ്ങളെപ്പറ്റിയും ഇവ അറിവു തരുന്നു. കേരളത്തിൽ നിലനിന്നിരുന്ന കാർഷികജ്ഞാനപദ്ധതിയും സസ്യജ്ഞാനവും എത്ര അഗാധമായിരുന്നു എന്നതിന്റെ തെളിവുകളാണവ.

ഉദാ:-പുലയരുടെ വിത്തുപാട്ട്:

'നൂറ്റൊന്ന്തരം വിത്ത് കൊണ്ടുപോകണം
മൂപ്പത്തിമുക്കോടി ദേവന്മാരും കൂടി
വിത്തിനം പേര് വിളിക്കുന്നിങ്ങനെ
സൂര്യപ്രഭയുള്ള വടക്കൻ വിത്തൊന്ന്
ചെന്നെല്ലെന്നും കരിനെല്ലെന്നും രണ്ടല്ലെ വിത്ത്
മൂന്നോളം വിത്തിന് പേരുമങ്ങിട്ടു
ഓറത്തിരിയനെന്നും ചൊവ്വാരിയനെന്നും
ഓരിൽ വിളയും വിത്ത് ഓർക്കയമ്മയെന്നും
അരി വെളുത്തിരിക്കും വെളുത്തരിക്കയമ്മ
മലയിൽ വിതയ്ക്കും വിത്ത് പറമ്പൻ കയമ്മ
പറമ്പൻ കയമ്മയുണ്ട് വള്ളിയാറനുണ്ട്...

—(ഗീത.പി.കോറമംഗലം : 2010:55)

പുള്ളുവരുടെ കറ്റപ്പാട്ടിൽ:

മുമ്പിൽ പിറന്നു ജനിച്ച വരിനെല്ല്
കാരാരിയൻ നല്ല പോരാരിയൻ വിത്ത്
കാസ്തകൻ മോടകൻ ചെന്നൽ കരിംചെന്നൽ
കാത്തക പൂത്താട നാളികൻ വിത്തുമേ
കാഞ്ഞിരക്കൊട്ടൻ കടിഞ്ചോല നാരനും
പേരാടൻ കരിഞ്ചോരൻ വെളിയനും വായകൻ
നല്ല കവുങ്ങിൻ പൂത്താടയുമങ്ങനെ...

—(എം.വി.വിഷ്ണുനമ്പൂതിരി: 1999:82)

പള്ള്പാട്ടിൽ:

'വിതൈത്ത വിത്താണ്ട ചെന്നൽ കഴമ കുറു
വെള്ളരിയൻ പെന്തൻ പൂത്താട ചെമ്പ
ആരിയനഴകനാദിത്യ നല്ലിക്കണ്ണൻ
അലയിരിതം പേരാടൊൻ മലയുടുമ്പൻ
മധുമൊഴിയൻ പല്ലികൻ ചിരൊച്ചാല''

എന്നിങ്ങനെ പള്ളിവയലിൽ വിതച്ച വിത്തിനങ്ങളുടെ പേരുകൾ പ്രസ്താവിച്ചിരിക്കുന്ന (എം.വി.വിഷ്ണുനമ്പൂതിരി:83) 'കൃഷിഗീത'യിൽ വിവരിക്കുന്ന പ്രധാന സസ്യങ്ങൾ/വിത്തിനങ്ങൾ താഴെപറയുന്നു. ദേശം തിരിച്ചാണ് 'കൃഷിഗീത'യിൽ വിത്തുകൾ കൊടുത്തിരിക്കുന്നത്. അവയിൽത്തന്നെ ഓരോ വിത്തിനത്തിന്റെയും വകഭേദങ്ങളെ അടയാളപ്പെടുത്തുന്നത് തികച്ചും ശാസ്ത്രീയമായ ഒരറിവിന്റെ ആവിഷ്കാരമായാണ്.

തുളുനാട്

കാമദാര, മുകിന്നാവെളുതെ, ഗിരികശാല, വെട്ടുവെളി, എരി, ചുരുണക്ക റിയൻ, വാഴക്കണ്ണൻ, വെള്ളെച്ചെന്നെല്ല്, സംവതാളൻ.

കോലനാട്

ചെന്നെല്ല്, കരിഞ്ചെന്നെല്ല്, കോഴിവാലൻ, പൊന്നാരിയൻ, കഴമ, അരിക്കിരിലി, പയ്യനാടൻ, ഇടിയൻ, വാലി, പൂത്താൻ, മോടൻ, ചെറുമോടൻ, നികേതൻ, പറമ്പൻ കഴമ, മലയുടുമ്പൻ, വെള്ളക്കോഴിവാലൻ, മുണ്ടകൻ.

ഇടനാട്

കരിപാലി, ആരിയൻ, കഴമ, കാളി, വട്ടൻ, മുണ്ടപ്പിള്ളി, കോഴിയാള, പുഞ്ച, കുട്ടനാടൻ, കോടനേരി, ചെപ്പിലക്കാടൻ, കുവളക്കോടൻ, മുണ്ടകൻ പാല.

വെളപ്പൻ നാട്

എരുമക്കാരി, ചിറ്ററി, കാടക്കഴുത്തൻ, വെള്ളക്കുറിഞ്ഞി, കരിങ്കുറിഞ്ഞി, അന്നച്ചെമ്പാൻ, നല്ലംഗചെമ്പൻ, ചെഞ്ചെമ്പാൻ, മങ്കമക്കാപ്പൻ.

തലപ്പിള്ളിനാട്

വെട്ടിക്കുട്ടാടൻ, തലപ്പിള്ളിപ്പാണ്ടി, ചെറുപാണ്ടി, വെങ്കുറിഞ്ഞി.

കുട്ടനാട്

പൊക്കാളി, ചെറുപൊക്കാളി, കുര, കരിക്കർ, കുറുവ.

ഇങ്ങനെ പ്രദേശംതിരിച്ച് നൂറിലധികം നെൽവിത്തിനങ്ങളെക്കുറിച്ച് 'കൃഷിഗീത'യിൽ പറയുന്നുണ്ട്. ഇവയിൽ ചെമ്പാവിനങ്ങൾ തന്നെ– ജീരകചെമ്പാവ്, മുളകുചെമ്പാവ്, കോതമ്പചെമ്പാവ്, പുഴുകുചെമ്പാവ്, ഈർക്കിലിചെമ്പാവ്, കുങ്കുമചെമ്പാവ്, അന്നചെമ്പാവ്, ചെഞ്ചെമ്പാവ് എന്നിങ്ങനെ ഓരോ ഇനത്തിന്റേയും അവയുടെ വകഭേദങ്ങളും അവയോരോന്നിന്റെയും സവിശേഷതകളും കേരളീയർക്കുണ്ടായിരുന്ന കാർഷികസസ്യജ്ഞാനത്തിന്റെ ആഴം ബോധ്യപ്പെടുത്തുന്നു.

നെല്ല്, എള്ള്, ചാമ, ചോളം,കടല, പയറ്, മുതിര, ഉഴുന്ന്, തുവര തുടങ്ങിയ ധാന്യങ്ങൾ മുളക്, കടുക്, ജീരകം, ഉലുവ, അയമോദകം, കായം, ഏലം, തുടങ്ങിയ വ്യഞ്ജനങ്ങൾ തെങ്ങ്, വാഴ, മാവ്, പ്ലാവ്, പുളി, പന, നാരകം, പരുത്തി, കരിമ്പ് എന്നിങ്ങനെയുള്ള ഫലവൃക്ഷങ്ങളും ചേന, ചേമ്പ്, കുർക്ക, കിഴങ്ങ് മുതലായ കിഴങ്ങുവർഗങ്ങളും കുമ്പളം, മത്ത, വെള്ളരി, കൈപ്പയ്ക്ക, പടവലങ്ങ, കോവയ്ക്ക, വഴുതിന എന്നിങ്ങനെയുള്ള പച്ചക്കറികൾ പുകയില, അടയ്ക്ക, വെറ്റില എന്നിവയും ഓരോ ദേശത്തും ഉണ്ടാവുന്നവയുടെ രുചിഭേദങ്ങളടക്കം കൃഷിരീതി വിവരിക്കുന്നു.

കരിഞ്ചേമ്പ്, വെളിഞ്ചേമ്പ്, വലിയ ചേമ്പ്, മലരാമൻ, പേഴചേമ്പ്, കുഴിചേമ്പ്, നനച്ചേമ്പ്, പാൽചേമ്പ് എന്നിങ്ങനെ ചേമ്പിന്റെ വിത്തിനങ്ങൾ തന്നെ അനവധിയാണ്.

ഇത്തരത്തിൽ സസ്യത്തിന്റെ ഇനംതിരിച്ചുള്ള പട്ടികപ്പെടുത്തൽ മാത്രമല്ല 'കൃഷിഗീത'യിലുള്ളത്. കാട്,കോള്, ഇടനാട് എന്നിങ്ങനെ പ്രാദേശിക ഭൂമിശാസ്ത്രത്തിനനുകൂലമായി കൃഷിചെയ്യേണ്ടതിനെക്കുറിച്ചും അവയ്ക്കു വേണ്ടി ഭൂമി ഒരുക്കേണ്ടതിനെക്കുറിച്ചും ഉപയോഗിക്കേണ്ട കൃഷി ഉപകരണങ്ങൾ, വളപ്രയോഗം, കന്നുകാലി പരിപാലനം എന്നിങ്ങനെ ഓരോ കാര്യങ്ങളും 'കൃഷിഗീത' വിശദമാക്കുന്നു. ഓരോ വിത്തും വിതയ്ക്കേണ്ട കാലവും രാശിയും മുതൽ കളപറിക്കൽവരെ പറഞ്ഞുകൊണ്ട് സമഗ്രമായ ഒരു സസ്യജ്ഞാനപദ്ധതി കേരളത്തിനുണ്ടായിരുന്നുവെന്ന് 'കൃഷിഗീത' സമർത്ഥിക്കുന്നു.

'കൃഷിഗീത'യിലെ സസ്യജ്ഞാനത്തിന്റെ സവിശേഷതകൾ

1. ദേശം -പരദേശം

ദേശം-പരദേശം എന്നുള്ള ദ്വന്ദ്വം 'കൃഷിഗീത'യിലുടനീളം സസ്യജ്ഞാനാവതരണത്തിൽ കടന്നുവരുന്നു. പരദേശം ഏതാണെന്ന സൂചനയും അതിലുണ്ട്.

'പരദേശത്തു വാഴുന്ന മാർഗ്ഗങ്ങൾ
പറയുന്നുണ്ടു നിങ്ങളോടിന്നു നാം
ഏരിവെള്ളം വയലിൽ തിരിച്ചിട്ട്
പാരിക്കുന്നിതു മിക്കവാറും തദാ
കാവേരിജലം കൊണ്ടന്നിട്ടെല്ലാരും
ജീവിക്കുന്നിതു ചോളജനങ്ങളും'.

എന്നിങ്ങനെ പരശുരാമനിൽനിന്നു ലഭിച്ച കേരളത്തിന് കൃത്യമായ അതിർത്തി നിർവചനം നടത്തുന്നു. 'കൃഷിഗീത'യിലുടനീളം കടന്നുവരുന്ന ഈ ദ്വന്ദ്വകല്പന മലനാടിന്റെ സ്വന്തം ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ സസ്യങ്ങൾ നട്ടുവളർത്താനും അവ ഭക്ഷിക്കാനും നിർദേശിക്കുന്നു. അതുകൊണ്ടാണ്

'കേരളം പരദേശമെന്നിങ്ങനെ
പാരം ഭേദമെല്ലാറ്റിനും നിർണ്ണയം
ആതുരങ്ങളാം വിത്തുകളേറെയും
ഭൂസുരരേ പരദേശത്തിലുള്ളവ' എന്ന് ഉപദേശിക്കുന്നത്.

മലയാളമാം നിങ്ങടെ ദേശത്ത്
ചാലയെ വിളയും നവധാന്യങ്ങൾ
പരദേശമായുള്ളൊരു രാജ്യത്തിൽ
പരന്നു നവധാന്യം വിളയുന്നു (1999: 40)

പൊണ്ണനെന്നുമൊരു വകയുണ്ടഹോ
പരദേശമരുവുന്ന വാഴയ്ക്ക് (1999: 42)

ഗൗരീപാത്രമെന്നുള്ളൊരു തേങ്ങയ്ക്ക്
പാരം ദുർലഭമേ പരദേശത്ത് (1999: 43)

പരദേശത്തു വിസ്താരമെത്രയും
നരപൂർവം വഴുതിനങ്ങാ ഭൂശം (1999: 44)

എന്നിങ്ങനെ പരദേശത്തെ വിത്തുകളെപ്പറ്റിയും കൃഷിരീതിയെപ്പറ്റിയും പരാമർശിക്കുന്നുണ്ടെങ്കിലും അവ മലനാട്ടിലെ രീതികളിൽ നിന്നു ഭിന്നമാണെന്നും അവ ഗുണം കുറഞ്ഞവയാണെന്നും നിലപാടെടുക്കുന്നു.

സസ്യങ്ങളെ അസുരരും ദേവന്മാരും മനുഷ്യരുമായി തിരിക്കുന്ന രീതി ആധുനികപൂർവ സസ്യജ്ഞാനത്തിൽ പലപ്പോഴും കാണാറുണ്ട്. ആലിനെ ഭൂസുരമരമായി ആലത്തൂർ മണിപ്രവാളത്തിൽ വിശേഷിപ്പിച്ചുകാണുന്നുണ്ട് (2009:46) ചാതുർവർണ്ണ്യസങ്കല്പത്തോടൊപ്പം ഭൂമി, സ്വർഗം, പാതാളം എന്നീ സങ്കല്പങ്ങളും സസ്യജ്ഞാനത്തിന്റെ വിശദീകരണത്തിനുപയോഗിക്കുന്നു.

'ആസുരിയാകും വെള്ളക്കുറിഞ്ഞിയും
ധൂസരാഭം കരിങ്കുറിഞ്ഞിയതും
അന്ന ചമ്പാനും കല്ലുണ്ട ചമ്പാനും
മന്നവർക്കുള്ളോരു ചെമ്പാനതും പിന്നെ (1999: 37)

എന്നിങ്ങനെ ഓരോരുത്തരും ഭക്ഷിക്കേണ്ട സസ്യത്തെക്കുറിച്ച് പറയുന്നതിലൂടെ സസ്യത്തിന്റെ ഗുണഗണമാണ് ഉദ്ദേശിക്കുന്നത്. ദേവന്മാർക്ക് വിശേഷപ്പെട്ടതും മനുഷ്യർക്ക് അതിൽ കുറഞ്ഞതും എന്നിങ്ങനെ. വെള്ളക്കുറിഞ്ഞി എന്ന വിത്ത് അസുരിയാണെന്നു പറയുന്നു. അതിനർത്ഥം അത് ഗുണഗുണത്തിൽ പിന്നിലാണെന്നാണ്. അതാരാണ് ഭക്ഷിക്കേണ്ടതെന്നത് അന്നത്തെ സമൂഹത്തിലെ മേൽ-കീഴ് നിലയെപ്പറ്റി അറിവു നല്കുന്നു.

ഈർക്കിലചെമ്പാവെന്നൊരു വിത്തിതു
ഓർക്കിലോ ദേവന്മാർക്കല്ലോ വേണ്ടുന്നു (1999: 40).

തുടങ്ങി അനേകം വരികൾ 'കൃഷിഗീത'യിൽ കണ്ടെടുക്കാം. ദേശമെന്നും

പരദേശമെന്നും തിരിച്ചതിനുശേഷം ദേശത്തിൽതന്നെ വർണ്ണാടിസ്ഥാനത്തിലുള്ള വകതിരിവും നടത്തുന്നു. ഇവ കേരളത്തിലെ ജനതയുടെ സങ്കല്പങ്ങളോ മിത്തോ അല്ല. മറിച്ച് അവ പകർത്തിയെടുത്ത വരേണ്യ ബോധത്തിന്റേതാണ്. ഇവ മറ്റെല്ലാ അറിവിലുമെന്നപോലെ സസ്യ ജ്ഞാനത്തിലേക്കും കടത്തിവിടുന്നതാണ് ഇവിടെ കാണാൻ കഴിയുക.

സസ്യജ്ഞാനത്തിന്റെ സ്വഭാവം 'കൃഷിഗീത'യിൽ

'കൃഷിഗീത'യിലെ സസ്യനാമാദികളെല്ലാം തന്നെ പ്രാദേശികവും പാരിസ്ഥിതികവുമായ വേരുകളുള്ളവയാണ്.

'ചൊല്ലെഴുന്ന മലയുടുമ്പൻ
ചരകല്ലുള്ളേടത്തും പറ്റും മലയിലും' എന്ന് 'കൃഷിഗീത'യിലും

'മലയിൽ വിളയും മലയൊടമ്പൻ വിത്ത്.
നീരിൽ വിളയും നീർക്കഴമ വിത്ത്' എന്നിങ്ങനെ പുള്ളുവരുടെ കറ്റപ്പാട്ടിലും സസ്യങ്ങളുടെ നാമങ്ങൾ അവ വളരുന്ന പരിതസ്ഥിതിയുടെ സൂചകമായി നില്ക്കുന്നു.

പ്രായോഗികമായ വൈജ്ഞാനികസമ്പത്താണ് 'കൃഷിഗീത'യുടേയും ആലത്തൂർ മണിപ്രവാളത്തിന്റെയും ഉള്ളടക്കം. കേരളത്തിന്റെ ഭൂപ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുംവിധം എങ്ങനെ ചികിത്സിക്കാമെന്നും എങ്ങനെ ഭക്ഷണം ഉല്പാദിപ്പിക്കാമെന്നുള്ള അറിവ് അവ കൈമാറ്റം ചെയ്യുന്നു. സസ്യത്തിന്റെ ആകൃതി-പ്രകൃതി വർണ്ണനകൾക്ക് അവിടെ സ്ഥാനമില്ല. അത്തരം പരിചയപ്പെടുത്തലുകൾ ആവശ്യമായി വരുന്നത് പ്രസ്തുത സസ്യം എന്തെന്നറിയാത്ത ഒരു സമൂഹത്തിനുവേണ്ടിയാണ്. 'ഹോർത്തുസ് മലബാറിക്കു'സും അതിനുശേഷം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള സസ്യശാസ്ത്രഗ്രന്ഥങ്ങളും മുന്നോട്ടു വെയ്ക്കുന്ന ഒരു പ്രധാന സമീപനരീതി പരിചയപ്പെടുത്തലാണ്. ഒരു സസ്യത്തിന്റെ വിവിധഭാഗങ്ങളുടെ രൂപവർണ്ണന നടത്തുകയും അവയുടെ ഓരോ ഭാഗത്തിന്റെയും അല്ലെങ്കിൽ സമൂലമായും ഉള്ള ഔഷധ, ഭക്ഷ്യഗുണങ്ങൾ വിവരിക്കുകയുമാണ് അവ ചെയ്യുന്നത്. ഉഷ്ണമേഖലാപ്രദേശത്തുള്ള സസ്യജാലങ്ങളെക്കുറിച്ച് തികച്ചും അജ്ഞരായിരുന്ന പാശ്ചാത്യസമൂഹത്തിനുവേണ്ടി വാന്റീഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഹോർത്തുസിന്റെ തുടർച്ചകൾ കേരളത്തിൽ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1001 സസ്യങ്ങൾ, പതിനായിരം ഔഷധസസ്യങ്ങൾ തുടങ്ങിയ പേരുകളിൽ. കൊളോണിയൽ അധിനിവേശത്തിന്റെ സൃഷ്ടികളും പിന്തുടർച്ചാവകാശികളുമായ ഇത്തരം കൃതികളിൽനിന്നും പാശ്ചാത്യാധിനിവേശത്തിനു മുമ്പുള്ള

സസ്യജ്ഞാനം വേർപെട്ടിരിക്കുന്നു എന്ന് 'കൃഷിഗീത'യിൽ കാണാം. സസ്യജ്ഞാനത്തിന്റെ പ്രായോഗിക പാഠങ്ങളായ അവയിൽ രൂപസവിശേഷതകളുടെ വർണ്ണനയുമില്ല ശാസ്ത്രജ്ഞാനത്തിന്റെ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെയുള്ള സാർവകാലികതയും സാർവലൗകികതയുമില്ല. കേരളത്തിന്റെ ഭൂപ്രകൃതിയിൽ മാത്രം നിലനില്ക്കുന്ന തികച്ചും പ്രാദേശികമായ സസ്യ അിറവുകളാണ് 'കൃഷിഗീത'യുടെ വിഷയം

ഉപസംഹാരം

അധിനിവേശം എന്നത് പാശ്ചാത്യമോ ആധുനികതയുടെ ഭാഗമായി കടന്നുവന്നതോ മാത്രമല്ല. മധ്യകാലത്തുണ്ടായ വൈദ്യ-കൃഷിപാഠങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് കേരളത്തിന്റെ തനിമയായ വിജ്ഞാനമെന്നും പാരമ്പര്യമെന്നും പറയുന്നവ പലതരം സംസ്കൃതികളുടെ കലർപ്പാണെന്നാണ്. കേരളസംസ്കാരം തനിമയായി നിലനിന്നു എന്ന പാരമ്പര്യവാദത്തെ ഇവ തള്ളിക്കളയുന്നു. പാശ്ചാത്യാധിനിവേശത്തിനു മുമ്പുള്ള ഈ പാഠങ്ങൾ പങ്കുവെയ്ക്കുന്നത് വ്യാഖ്യാനിച്ചും കീഴൊതുക്കിയുമുള്ള അറിവിന്റെ അക്രമാസക്തമായ കീഴ്പെടുത്തലുകളല്ല.

പ്രാദേശികമായ പരിസ്ഥിതിയുമായി ഇണങ്ങിപ്പോകുന്ന കൃഷി ചികിത്സാ രീതികളുടെ പ്രായോഗികപാഠങ്ങളാണ് 'കൃഷിഗീത'യും ആലത്തൂർ മണിപ്രവാളവും. ഒരു സസ്യത്തിന്റെ ഏതൊക്കെ ഭാഗങ്ങൾ ഭക്ഷ്യയോഗ്യമാണ് ഔഷധയോഗ്യമാണ് എന്നിങ്ങനെ തികച്ചും ഉപഭോഗാടിസ്ഥാനത്തിലുള്ള കൊളോണിയൽ നിലപാടുകൾ അവയിലില്ല. പുനരുല്പാദനവും വൃക്ഷപരിചരണവും അടക്കം പ്രകൃതിയെ നിലനിർത്തിക്കൊണ്ടു പോകേണ്ട ജ്ഞാനപദ്ധതികൂടി ഉൾച്ചേർന്നതാണ് പാശ്ചാത്യ അധിനിവേശത്തിനുമുമ്പുള്ള സസ്യജ്ഞാനത്തിന്റെ സ്വഭാവം. അതുകൊണ്ടാണ് മനുഷ്യകേന്ദ്രീകൃതമായ ചികിത്സാപദ്ധതിക്കായി സസ്യങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് പാശ്ചാത്യർ ചിന്തിച്ചപ്പോൾ സസ്യത്തെയും പ്രകൃതിയെയും പരിചരിക്കാനും നിലനിർത്താനുമുള്ള വൃക്ഷായുർവേദം ഇവിടെ നിലനിന്നത്, ഉല്പാദനത്തിന്റെ അളവു കൂട്ടാനുള്ള രാസപദ്ധതികൾക്കു പകരം ജൈവപദ്ധതികളെക്കുറിച്ച് ഈ ഗീതകൾ ശ്രദ്ധിച്ചു പോന്നത്.

സസ്യജ്ഞാനത്തിൽ ഉൾച്ചേർന്നിരിക്കുന്ന അറിവധികാരത്തെപ്പറ്റിയും 'കൃഷിഗീത' സൂചനനല്കുന്നു. ഓരോ വിഭാഗത്തിൽപ്പെട്ട ആൾക്കാർ കഴിക്കുന്ന ഭക്ഷണത്തിന്റെ വകതിരിവുകൾ സസ്യത്തെ ആസുരം, മാനുഷം എന്നിങ്ങനെ തിരിക്കുന്നു. ഇവ അറിവധികാരത്തിലേക്ക്

വിരൽ ചൂണ്ടുന്നുണ്ടെങ്കിലും അധിനിവേശം ഒരു ജ്ഞാനവ്യവസ്ഥയായി 'കൃഷിഗീത'യിൽ നിലകൊള്ളുന്നില്ല. നിലനില്ക്കുന്ന പ്രായോഗികപാഠത്തെ സ്വന്തമാക്കാനുള്ള അധിനിവേശ ശ്രമം സസ്യവൈവിധ്യത്തിന്റെ പ്രായോഗികപാഠം തകർത്തുകളയുന്നുമുണ്ട്. ചുരുക്കത്തിൽ വിത്തിനങ്ങളെപ്പറ്റിയും കൃഷിരീതിയെപ്പറ്റിയും ഉള്ള കേരളത്തിന്റെ വിപുലമായ പ്രയോഗിക ജ്ഞാനപദ്ധതിയെ കയ്യാളുന്ന വിധത്തിൽ ആ അറിവിനു മേൽ ആധിപത്യം നേടാൻ അധിനിവേശകർക്കായിട്ടില്ല.

## ഗ്രന്ഥസൂചി

1. അനിൽ കെ.എം., 2009, 'അറിവും അധ്വാനവും, ഇന്ത്യൻ പശ്ചാത്തലത്തിൽ ഒരന്വേഷണം'–ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, നാട്ടറിവ്. ഭാഗം 1
2. ആലത്തൂർ മണിപ്രവാളം 2009, കോട്ടയ്ക്കൽ ആര്യവൈദ്യശാല.
3. ഉണ്ണികൃഷ്ണൻ.ഇ., 'ആദ്യകാല ലിഖിത പരാമർശങ്ങൾ', 'കൃഷിഗീത' ചൊല്ലും വായനയും, നാട്ടറിവു പഠനകേന്ദ്രം, കണിമംഗലം
4. കൊച്ച് കെ.കെ. 2012, കേരളചരിത്രവും സമൂഹരൂപീകരണവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.
5. ഗണേശ് കെ.എൻ. 2016, മലയാളിയുടെ ദേശകാലങ്ങൾ, റാസ്പ്ബെറി
6. ഗീത പി. കോമംഗലം 2010 (2004), 'പുലയരുടെ വിത്തു പാട്ടുകൾ' കൃഷിയുടെ നാട്ടറിവുകൾ, ഡി.സി. ബുക്സ്
7. ഗോവിന്ദപ്പിള്ള പി. 1981, ഭാഷാചരിത്രം
8. ഗംഗാധരൻ എം. ഡോ., 1999, 'കേരളത്തിലെ പഴയകാല കൃഷിയെക്കുറിച്ചൊരു ആലോചന 'കൃഷി ഗീത' ചൊല്ലും വായനയും, നാട്ടറിവു പഠന കേന്ദ്രം, കണിമംഗലം
9. പത്മാനഭമേനോൻ കെ.പി. (1912), കൊച്ചിരാജ്യചരിത്രം, മാതൃഭൂമി ബുക്സ്.
10. പത്മനാഭമേനോൻ കെ.പി. 1999, കേരളകല്പം, 'കൃഷിഗീത' ചൊല്ലും വായനയും, നാട്ടറിവു പഠനകേന്ദ്രം, കണിമംഗലം
11. രഞ്ജിത് കുമാർ പി. ഡോ. 'നെൽകൃഷി പാരമ്പര്യം ചില അറിവടയാളങ്ങൾ' നാട്ടറിവ് ഭാഗം –1, എഡി –കെ.എം. അനിൽ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
12. രാഘവവാരിയർ, രാജൻ ഗുരുക്കൾ 2013, 'വേരുപറിഞ്ഞ കൃഷിപ്പണി', മിത്ത്ചരിത്രം സമൂഹം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ.
13. വിഷ്ണുനമ്പൂതിരി എം.വി. 1999, ഉത്തരകേരളത്തിലെ വിത്തുപാട്ടുകൾ, 'കൃഷിഗീത' ചൊല്ലും വായനയും, നാട്ടറിവു പഠനകേന്ദ്രം, കണിമംഗലം.
14. റോബിൻ ജെഫ്രി 2013 (1979), നായർമേധാവിത്വത്തിന്റെ പതനം, ഡി.സി.ബുക്സ്.